**മധുരമായ കുട്ടികളേ - ദിവസവും വിചാരസാഗരമഥനം ചെയ്യൂ എങ്കിൽ സന്തോഷത്തിന്റെ ലഹരി വർദ്ധിക്കും, നടക്കുമ്പോഴും കറങ്ങുമ്പോഴും നമ്മൾ സ്വദർശന ചക്രധാരിയാണെന്ന ഓർമ്മയുണ്ടായിരിക്കണം.**

**ചോദ്യം** - തന്റെ ഉന്നതി നേടാനുള്ള സഹജമായ മാർഗ്ഗം എന്താണ്?
**ഉത്തരം** - തന്റെ ഉന്നതിക്ക് വേണ്ടി ദിവസവും കണക്ക് വെക്കൂ. പരിശോധിക്കൂ - ഇന്ന് മുഴുവൻ ദിവസവും ഒരു ആസുരീയ കർമ്മവും ചെയ്തില്ലല്ലോ? എങ്ങനെയാണോ വിദ്യാർത്ഥികൾ അവരുടെ രജിസ്റ്റർ വെക്കുന്നത്, അതുപോലെ നിങ്ങൾ കുട്ടികളും ദൈവീകഗുണങ്ങളുടെ രജിസ്റ്റർ വെക്കൂ എങ്കിൽ ഉന്നതി ഉണ്ടായിക്കൊണ്ടിരിക്കും.

**ഗീതം** - ദൂരദേശത്തിൽ വസിക്കുന്നവനേ.................

**ഓം ശാന്തി**. ദൂരദേശമെന്ന് ഏതിനെയാണ് പറയുന്നതെന്ന് കുട്ടികൾക്കറിയാം. ലോകത്തിൽ ഒരു മനുഷ്യന് പോലും അറിയുകയില്ല. എത്ര വലിയ വിദ്വാനാണെങ്കിലും, പണ്ഡിതനാണെങ്കിലും ഇതിന്റെ അർത്ഥം അറിയുകയില്ല.നിങ്ങൾ കുട്ടികൾക്കറിയാം.ബാബയെ, ആരെയാണോ എല്ലാ മനുഷ്യരും അല്ലയോ ഭഗവാനേ എന്ന് പറഞ്ഞ് ഓർമ്മിക്കുന്നത്...... ആ ഭഗവാൻ തീർച്ചയായും മുകളിൽ മൂലവതനത്തിലാണ്, വേറെ ആർക്കും ഇതറിയുകയില്ല.ഈ ഡ്രാമയുടെ രഹസ്യത്തെയും ഇപ്പോൾ നിങ്ങൾ കുട്ടികൾ മനസ്സിലാക്കിയിരിക്കുന്നു. ആരംഭം മുതൽ ഇപ്പോൾ വരെ എന്തെല്ലാം സംഭവിച്ചുവോ, എന്തെല്ലാം സംഭവിക്കാനുണ്ടോ, എല്ലാം ബുദ്ധിയിലുണ്ട്. ഈ സൃഷ്ടി ചക്രം എങ്ങനെയാണ് കറങ്ങുന്നത്, അത് ബുദ്ധിയിലുണ്ടായിരിക്കണമല്ലോ. നിങ്ങൾ കുട്ടികളും യഥാക്രമമാണ് മനസ്സിലാക്കുന്നത്. വിചാരസാഗരമഥനം ചെയ്യുന്നില്ല അതുകൊണ്ട് സന്തോഷത്തിന്റെ ലഹരി വർദ്ധിക്കുന്നില്ല. എഴുന്നേൽക്കുമ്പോഴും ഇരിക്കുമ്പോഴും ബുദ്ധിയിലുണ്ടായിരിക്കണം നമ്മൾ സ്വദർശനചക്രധാരിയാണ്. ആദി മുതൽ അന്ത്യം വരെ ആത്മാവായ എനിക്ക് മുഴുവൻ സൃഷ്ടി ചക്രത്തെയും അറിയാവുന്നതാണ്. നിങ്ങൾ ഇവിടെ ഇരിക്കുകയാണെങ്കിലും, ബുദ്ധിയിൽ മൂലവതനം ഓർമ്മ വരുന്നു. ഇതാണ് സ്വീറ്റ് സൈലൻസ് ഹോം (മധുരമായ ശാന്തി നിറഞ്ഞ വീട്), നിർവ്വാണ ധാമം, ശാന്തിധാമം, എവിടെയാണോ ആത്മാക്കൾ വസിക്കുന്നത്,അത് നിങ്ങൾ കുട്ടികളുടെ ബുദ്ധിയിൽ പെട്ടെന്ന് വരുന്നു, വേറെ ആർക്കും അറിയുകയില്ല. എത്ര തന്നെ ശാസ്ത്രം മുതലായവ പഠിച്ചും കേട്ടുമിരുന്നാലും, ഫലം ഒന്നും തന്നെയില്ല. അതെല്ലാം ഇറങ്ങുന്ന കലയിലാണ്. നിങ്ങൾ ഇപ്പോൾ കയറിക്കൊണ്ടിരിക്കുകയാണ്. തിരിച്ച് പോകുന്നതിന് വേണ്ടി സ്വയം തയ്യാറായിക്കൊണ്ടിരിക്കുകയാണ്. ഈ പഴയ വസ്ത്രം ഉപേക്ഷിച്ച് നമുക്ക് വീട്ടിലേക്ക് പോകണം. സന്തോഷമുണ്ടാകുന്നുണ്ടല്ലോ. വീട്ടിലേക്ക് പോകുന്നതിന് വേണ്ടി പകുതി കൽപം ഭക്തി ചെയ്തു. പടികൾ താഴേക്ക് ഇറങ്ങി തന്നെ പോയി. ഇപ്പോൾ ബാബ നമുക്ക് സഹജമായി മനസ്സിലാക്കിത്തരുന്നു. നിങ്ങൾ കുട്ടികൾക്ക് സന്തോഷമുണ്ടാകണം. ഭഗവാനായ ബാബ നമ്മെ പഠിപ്പിക്കുകയാണ് - ഈ സന്തോഷം വളരെയധികം ഉണ്ടായിരിക്കണം. ബാബ സന്മുഖത്ത് പഠിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ബാബ, ആരാണോ എല്ലാവരുടെയും അച്ഛൻ, ആ ബാബ നമ്മെ വീണ്ടും പഠിപ്പിച്ചുകൊണ്ടിരിക്കുകയാണ്. അനേകതവണ പഠിപ്പിച്ചിട്ടുണ്ട്. എപ്പോഴാണോ നിങ്ങൾ ചക്രം കറങ്ങി പൂർത്തിയാക്കുന്നത് അപ്പോൾ വീണ്ടും ബാബ വരുന്നു. ഈ സമയം നിങ്ങൾ സ്വദർശനചക്രധാരികളാണ്. നിങ്ങൾ വിഷ്ണുപുരിയുടെ അധികാരിയായി മാറുന്നതിന് വേണ്ടി പുരുഷാർത്ഥം ചെയ്തുകൊണ്ടിരിക്കുകയാണ്. ലോകത്തിൽ വേറെയാർക്കും ഈ ജ്ഞാനം നൽകാൻ സാധിക്കില്ല. ശിവബാബ നമ്മെ പഠിപ്പിച്ചുകൊണ്ടിരിക്കുകയാണ്, ഈ സന്തോഷം വളരെയധികം ഉണ്ടായിരിക്കണം. കുട്ടികൾക്കറിയാം ഈ ശാസ്ത്രം മുതലായവയെല്ലാം ഭക്തിമാർഗ്ഗത്തിലേതാണ്, അത് സദ്ഗതിക്ക് വേണ്ടിയുള്ളതല്ല. ഭക്തിമാർഗ്ഗത്തിലെ സാമഗ്രികളും വേണമല്ലോ. അനേകം സാമഗ്രികളുണ്ട്. ബാബ പറയുന്നു ഇതിലൂടെ നിങ്ങൾ അധ:പതിച്ചു വന്നു. വാതിലുകൾ തോറും അലഞ്ഞു. ഇപ്പോൾ ശാന്തരായി ഇരിക്കുകയാണ്. നിങ്ങളുടെ കഷ്ടപ്പാടുകളെല്ലാം അകന്നു. അറിയാം ബാക്കി കുറച്ച് സമയമാണ്, ആത്മാവിനെ പവിത്രമാക്കി മാറ്റുന്നതിന് വേണ്ടി ബാബ അതേ വഴി പറഞ്ഞു തന്നുകൊണ്ടിരിക്കുകയാണ്. പറയുന്നു എന്നെ ഓർമ്മിക്കൂ എങ്കിൽ നിങ്ങൾ തമോപ്രധാനത്തിൽ നിന്നും സതോപ്രധാനമായി മാറും പിന്നീട് സതോപ്രധാന ലോകത്തിൽ വന്ന് രാജ്യം ഭരിക്കും. ഈ വഴി കൽപ-കൽപം അനേകം തവണ ബാബ പറഞ്ഞു തന്നിട്ടുണ്ട്. പിന്നീട് തന്റെ അവസ്ഥയെയും നോക്കണം, വിദ്യാർത്ഥികൾ പുരുഷാർത്ഥം ചെയ്ത് സ്വയത്തെ സമർത്ഥരാക്കാറുണ്ടല്ലോ. പഠിപ്പിന്റെയും രജിസ്റ്റർ ഉണ്ട്, പെരുമാറ്റത്തിന്റെയും രജിസ്റ്റർ ഉണ്ട്. ഇവിടെ നിങ്ങൾക്ക് ദൈവീക ഗുണങ്ങൾ ധാരണ ചെയ്യണം.

ദിവസവും തന്റെ കണക്ക് വെക്കുന്നതിലൂടെ വളരെയധികം ഉന്നതി ഉണ്ടാകും – ഇന്ന് മുഴുവന്‍ ദിവസവും യാതൊരു ആസുരീയ കര്‍മ്മവും ചെയ്തില്ലല്ലോ? നമുക്കാണെങ്കില്‍ ദേവതയായി മാറണം. ലക്ഷ്മീ–നാരായണന്റെ ചിത്രം മുന്നില്‍ വെച്ചിരിക്കുന്നു. എത്ര സാധാരണ ചിത്രമാണ്. മുകളില്‍ ശിവബാബയുണ്ട്. പ്രജാപിതാ ബ്രഹ്മാവിലൂടെ ഈ സമ്പാദ്യം നല്‍കുന്നു അതിനാല്‍ തീര്‍ച്ചയായും ബ്രാഹ്മണ–ബ്രാഹ്മണിമാര്‍ ഉണ്ടാകണമല്ലോ. ദേവതകള്‍ സത്യയുഗത്തിലാണുണ്ടാവുന്നത്. ബ്രാഹ്മണര്‍ സംഗമത്തിലും. കലിയുഗത്തില്‍ ശൂദ്രവര്‍ണ്ണത്തിലുള്ളവരാണ്. വിരാട രൂപവും ബുദ്ധിയില്‍ ധാരണ ചെയ്യൂ. നമ്മള്‍ ഇപ്പോള്‍ ഉയര്‍ന്ന ബ്രാഹ്മണരാണ്, പിന്നീട് ദേവതയായി മാറും. ബാബ ബ്രാഹ്മണരെ ദേവതയാക്കുന്നതിന് വേണ്ടി പഠിപ്പിച്ചുകൊണ്ടിരിക്കുകയാണ്. അതിനാല്‍ ദൈവീകഗുണവും ധാരണ ചെയ്യണം, ഇത്രയും മധുരമായി മാറണം. ആര്‍ക്കും ദുഖം കൊടുക്കരുത്. എങ്ങനെയാണോ ശരീര നിര്‍വാഹാര്‍ത്ഥം എന്തെങ്കിലുമൊക്കെ ജോലി ചെയ്യുന്നത്, അതുപോലെ ഇവിടെയും യജ്ഞസേവനം ചെയ്യണം. ചിലര്‍ക്ക് രോഗമാണ്, സേവനം ചെയ്യുന്നില്ല എങ്കില്‍ പിന്നെ അവരുടെയും സേവനം ചെയ്യേണ്ടി വരുന്നു. മനസ്സിലാക്കൂ ആരെങ്കിലും രോഗിയാണ്, ശരീരം ഉപേക്ഷിക്കുകയാണ്, നിങ്ങള്‍ക്ക് ദു:ഖം ഉണ്ടാകേണ്ടതിന്റെയോ കരയേണ്ടതിന്റെയോ ആവശ്യമില്ല. നിങ്ങള്‍ക്കാണെങ്കില്‍ തികച്ചും ശാന്തിയില്‍ ബാബയുടെ ഓര്‍മ്മയിലിരിക്കണം. ഒരു ശബ്ദവും ഉണ്ടാവരുത്. അവരാണെങ്കില്‍ ശ്മശാനത്തിലേക്ക് കൊണ്ടുപോവുമ്പോള്‍ രാമനാമം ഉരുവിട്ടുകൊണ്ടേ പോകുന്നു. നിങ്ങള്‍ക്ക് ഒന്നും പറയേണ്ടതില്ല. നിങ്ങള്‍ ശാന്തിയിലൂടെ വിശ്വത്തിന് മേല്‍ വിജയം നേടുന്നു. അവരുടേത് സയന്‍സാണ്, നിങ്ങളുടേത് സൈലന്‍സാണ്. നിങ്ങള്‍ കുട്ടികള്‍ക്ക് ജ്ഞാനത്തിന്റെയും യോഗത്തിന്റെയും യഥാര്‍ത്ഥ അര്‍ത്ഥം അറിയാം. ജ്ഞാനം അറിവാണ്,എല്ലാം മറക്കുക എന്നത് വിജ്ഞാനമാണ്, ജ്ഞാനത്തേക്കാള്‍ ഉപരിയാണ്. അതിനാല്‍ ജ്ഞാനവുമുണ്ട്, യോഗവുമുണ്ട്. ആത്മാവിനറിയാം നമ്മള്‍ ശാന്തിധാമത്തില്‍ വസിക്കുന്നവരാണ് പിന്നീട് ജ്ഞാനവുമുണ്ട്. രൂപും ബസന്തും. ബാബയും രൂപ് ബസന്താണല്ലോ. രൂപുമാണ്, കൂടാതെ ബാബയില്‍ മുഴുവന്‍ സൃഷ്ടി ചക്രത്തിന്റെയും ജ്ഞാനവുമുണ്ട്. അവര്‍ വിജ്ഞാനഭവന്‍ എന്ന പേര് വെച്ചിരിക്കുന്നു. അര്‍ത്ഥം ഒന്നും മനസ്സിലാക്കുന്നില്ല. നിങ്ങള്‍ കുട്ടികള്‍ക്ക് മനസ്സിലായി ഈ സമയം ശാസ്ത്രത്തിലൂടെ ദു:ഖവുമുണ്ടാകുന്നു സുഖവുമുണ്ടാകുന്നു. അവിടെ സുഖം തന്നെ സുഖമാണ്. ഇവിടെ അല്പകാലത്തേക്കുള്ള സുഖമാണ്. ബാക്കിയാണെങ്കിലോ ദുഃഖത്തോട് ദുഃഖമാണ്. മനുഷ്യര്‍ വീട്ടില്‍ എത്ര ദുഃഖിതരായാണിരിക്കുന്നത്. അവര്‍ കരുതുന്നു, മരിക്കുകയാണെങ്കില്‍ ദുഃഖത്തിന്റെ ലോകത്തു നിന്ന് മോചിതരാകാമായിരുന്നു. നിങ്ങള്‍ കുട്ടികള്‍ക്കാണെങ്കില്‍ അറിയാം ബാബ നമ്മെ സ്വര്‍ഗ്ഗവാസിയാക്കുന്നതിന് വന്നിരിക്കുകയാണ്. എത്ര ഗദ്ഗദമുണ്ടാകണം. കല്‍പ–കല്‍പം ബാബ നമ്മെ സ്വര്‍ഗ്ഗവാസിയാക്കുന്നതിന് വരുന്നു. അതിനാല്‍ അങ്ങനെയുള്ള ബാബയുടെ ശ്രീമതത്തിലൂടെ നടക്കണമല്ലോ.

ബാബ പറയുകയാണ്– മധുരമായ കുട്ടികളേ, ഒരിക്കലും ആര്‍ക്കും ദുഃഖം കൊടുക്കരുത്. ഗൃഹസ്ഥ വ്യവഹാരത്തിലിരുന്നും പവിത്രമാകൂ. നമ്മള്‍ സഹോദര–സഹോദരിയാണ്, ഇതാണ് സ്നേഹത്തിന്റെ ബന്ധം. വേറെ ഒരു ദൃഷ്ടിയും ഉണ്ടാകരുത്. ഓരോരുത്തരുടെയും രോഗം അവരവരുടേതാണ്, അതിനനുസരിച്ച് നിര്‍ദ്ദേശവും നല്‍കിക്കൊണ്ടിരിക്കുന്നു. ചോദിക്കുകയാണ്, ബാബാ, ഇങ്ങനെയിങ്ങനെയുള്ള അവസ്ഥകളാണ്, ഈ അവസ്ഥയില്‍ എന്ത് ചെയ്യും? ബാബ മനസ്സിലാക്കിത്തരുകയാണ് സഹോദര–സഹോദരി ദൃഷ്ടിയില്‍ ഭംഗം വരരുത്. ഒരു വഴക്കും ഉണ്ടാകരുത്. ഞാന്‍ നിങ്ങള്‍ ആത്മാക്കളുടെ അച്ഛനല്ലേ.ശിവബാബ ബ്രഹ്മാശരീരത്തിലൂടെ സംസാരിക്കുകയാണ്. പ്രജാപിതാ ബ്രഹ്മാവ് ശിവബാബയുടെ കുട്ടിയായി, സാധാരണ ശരീരത്തില്‍ തന്നെയല്ലേ വരുന്നത്. വിഷ്ണുവാണെങ്കിലോ സത്യയുഗത്തിലേതാണ്. ബാബ പറയുന്നു ഞാന്‍ ഇതില്‍ പ്രവേശിച്ച് പുതിയ ലോകം രചിക്കാന്‍ വന്നിരിക്കുകയാണ്. ബാബ ചോദിക്കുകയാണ് നിങ്ങള്‍ വിശ്വത്തിന്റെ മഹാരാജാവും മഹാറാണിയുമാകുമോ? അതേ ബാബാ, എന്തുകൊണ്ട് ആവില്ല. അതെ, ഇതിന് പവിത്രമായി ഇരിക്കേണ്ടിവരും. ഇതാണെങ്കില്‍ പ്രയാസമാണ്. നിങ്ങളെ വിശ്വത്തിന്റെ അധികാരിയാക്കി മാറ്റുകയാണ്, നിങ്ങള്‍ക്ക് പവിത്രമായിരിക്കാന്‍ സാധിക്കില്ലേ? ലജ്ജ വരുന്നില്ലേ? ലൗകിക അച്ഛനും മനസ്സിലാക്കിത്തന്നിട്ടുണ്ടല്ലോ – മോശമായ പ്രവൃത്തി ചെയ്യരുത്. ഈ വികാരത്തിലൂടെ തന്നെയാണ് വിഘ്നമുണ്ടാകുന്നത്. ആരംഭം മുതല്‍ക്കേ ഇതിന്മേല്‍ പ്രശ്നം ഉണ്ടായിരുന്നു. ബാബ പറയുന്നു – മധുരമായ കുട്ടികളേ, ഇതിന് മേല്‍ വിജയം നേടണം.ഞാന്‍ പവിത്രമാക്കി മാറ്റാന്‍ വന്നിരിക്കുകയാണ്. നിങ്ങള്‍ കുട്ടികള്‍ക്ക് ശരിയും തെറ്റും, നല്ലതും ചീത്തയും ചിന്തിക്കുന്നതിനുള്ള ബുദ്ധി ലഭിച്ചിരിക്കുന്നു. ഈ ലക്ഷ്മീ നാരായണനാണ് ലക്ഷ്യം. സ്വര്‍ഗ്ഗവാസികളില്‍ ദൈവീക ഗുണമാണ്, നരകവാസികളില്‍ അവഗുണവും. ഇപ്പോള്‍ രാവണ രാജ്യമാണ്, ഇതും ആര്‍ക്കും മനസ്സിലാക്കാന്‍ സാധിക്കില്ല. രാവണനെ എല്ലാ വര്‍ഷവും കത്തിക്കുന്നു. ശത്രുവല്ലേ. കത്തിച്ചുകൊണ്ടേവരുന്നു. അറിയുന്നില്ല ഇത് ആരാണ്? നമ്മള്‍ എല്ലാവരും രാവണ രാജ്യത്തിലാണല്ലോ, അതിനാല്‍ തീര്‍ച്ചയായും നമ്മള്‍ അസുരന്മാരാണ്. പക്ഷെ

ആരും സ്വയം അസുരനാണെന്ന് മനസ്സിലാക്കുന്നില്ല. ഒരുപാട് പേർ പറയുന്നുമുണ്ട് ഇത് രാക്ഷസ രാജ്യമാണ്. എങ്ങനെയാണോ രാജാവും റാണിയും അതുപോലെയാണ് പ്രജയും. പക്ഷെ ഇത്രയും പോലും ബുദ്ധിയില്ല. ബാബയിരുന്ന് മനസ്സിലാക്കിത്തരുകയാണ് രാമരാജ്യം വേറെയാണ്, രാവണ രാജ്യം വേറെയാണ്. ഇപ്പോൾ നിങ്ങൾ സർവ്വ ഗുണസമ്പന്നരായി മാറിക്കൊണ്ടിരിക്കുകയാണ്. ബാബ പറയുന്നു, ക്ഷേത്രങ്ങളിൽ പോയി ദേവതകളെ പൂജിക്കുന്ന എന്റെ ഭക്തർക്ക് ജ്ഞാനം കേൾപ്പിക്കൂ. ബാക്കി ഇങ്ങനെയിങ്ങനെയുള്ള ആളുകളോട് തലയിട്ടുടക്കാതിരിക്കൂ. ക്ഷേത്രങ്ങളിൽ നിങ്ങൾക്ക് ഒരുപാട് ഭക്തരെ ലഭിക്കും. നാഡിയും നോക്കണം. ഡോക്ടർമാർക്ക് നാഡി നോക്കുന്നതിലൂടെ ഇവർക്ക് എന്ത് രോഗമാണ് എന്ന് പെട്ടെന്ന് പറയാൻ കഴിയുന്നു. ഡൽഹിയിൽ അജ്മൽഖാൻ എന്ന ഒരു വൈദ്യൻ പ്രശസ്തമായിരുന്നു. ബാബയാണെങ്കിൽ നിങ്ങളെ 21 ജന്മത്തേക്ക് സദാ ആരോഗ്യമുള്ളവരും സമ്പന്നരുമാക്കുന്നു. ഇവിടെയാണെങ്കിൽ എല്ലാവരും രോഗിയും, ആരോഗ്യമില്ലാത്തവരുമാണ്. അവിടെയാണെങ്കിലോ ഒരിക്കലും രോഗം ഉണ്ടാവുകയേയില്ല. നിങ്ങൾ സദാ ആരോഗ്യവാന്മാരും സദാ സമ്പന്നരുമാകുന്നു. നിങ്ങൾ തന്റെ യോഗബലത്തിലൂടെ കർമ്മേന്ദ്രിയങ്ങളുടെ മേൽ വിജയം പ്രാപ്തമാക്കുന്നു. നിങ്ങളെ ഈ കർമ്മേന്ദ്രിയങ്ങൾക്ക് ഒരിക്കലും ചതിക്കാൻ സാധിക്കുകയില്ല. ബാബ മനസ്സിലാക്കിത്തന്നിട്ടുണ്ട് നല്ലപോലെ ഓർമ്മയിലിരിക്കൂ, ദേഹീ അഭിമാനിയായിരിക്കൂ എങ്കിൽ കർമ്മേന്ദ്രിയങ്ങൾ ചതിക്കുകയില്ല. ഇവിടെ നിന്ന് തന്നെ നിങ്ങൾ വികാരങ്ങളുടെ മേൽ വിജയം പ്രാപ്തമാക്കുന്നു. അവിടെ കുദൃഷ്ടി ഉണ്ടായിരിക്കില്ല. രാവണരാജ്യം തന്നെയില്ല. അത് തന്നെയാണ് അഹിംസകരായ ദേവീ-ദേവതകളുടെ ധർമ്മം. യുദ്ധം മുതലായവയുടെ ഒരു കാര്യവുമില്ല. ഈ യുദ്ധവും അന്തിമമായിരിക്കണം, ഇതിലൂടെ സ്വർഗ്ഗത്തിന്റെ വാതിൽ തുറക്കണം. പിന്നീട് ഒരിക്കലും യുദ്ധമുണ്ടായിരിക്കില്ല. യജ്ഞവും ഇത് ലാസ്റ്റാണ്. പിന്നീട് പകുതി കൽപം ഒരു യജ്ഞവും ഉണ്ടായിരിക്കുകയേയില്ല. ഇതിൽ മുഴുവൻ അഴുക്കും സ്വാഹാ ചെയ്യപ്പെടുന്നു. ഈ യജ്ഞത്തിലൂടെ തന്നെയാണ് വിനാശത്തിന്റെ ജ്വാല പുറത്ത് വരുന്നത്, മുഴുവൻ വൃത്തിയാക്കപ്പെടും. പിന്നീട് നിങ്ങൾ കുട്ടികൾക്ക് സാക്ഷാത്ക്കാരവും ചെയ്യിപ്പിച്ചു, അവിടെ മാങ്ങനീര് മുതലായ വളരെ സ്വാദിഷ്ടമായ ഒന്നാന്തരം വസ്തുക്കളാണ്. നിങ്ങൾ ഇപ്പോൾ ആ രാജ്യത്തിന്റെ സ്ഥാപന ചെയ്തുകൊണ്ടിരിക്കുകയാണ് അപ്പോൾ എത്ര സന്തോഷമുണ്ടാവണം.

നിങ്ങളുടെ പേരും ശിവശക്തി ഭാരതമാതാക്കൾ എന്നാണ്. ശിവനിൽ നിന്ന് നിങ്ങൾ ശക്തി എടുക്കുന്നു, കേവലം ഓർമ്മയിലൂടെ. പ്രയാസപ്പെടേണ്ട ഒരു കാര്യവുമില്ല. ആരാണോ ഭക്തി ചെയ്യാത്തത് അവർ നാസ്തികരാണെന്ന് അവർ മനസ്സിലാക്കുന്നു. നിങ്ങൾ പറയുകയാണ് ആരാണോ ബാബയേയും രചനയേയും അറിയാത്തത് അവരാണ് നാസ്തികർ, നിങ്ങൾ ഇപ്പോൾ ആസ്തികരായി മാറുകയാണ്. ത്രികാലദർശിയുമാകുന്നു. മൂന്ന് ലോകത്തെയും, മൂന്ന് കാലത്തേയും അറിഞ്ഞു കഴിഞ്ഞിരിക്കുന്നു. ഈ ലക്ഷ്മീ നാരായണന് ബാബയിൽ നിന്ന് ഈ സമ്പത്ത് ലഭിച്ചിരിക്കുന്നു. ഇപ്പോൾ നിങ്ങൾ അങ്ങനെയായി മാറുകയാണ്. ഈ എല്ലാ കാര്യങ്ങളും ബാബ തന്നെയാണ് മനസ്സിലാക്കിത്തരുന്നത്. ശിവബാബ സ്വയം പറയുകയാണ് ഞാൻ ഇതിൽ പ്രവേശിച്ച് മനസ്സിലാക്കിത്തരുകയാണ്. ഇല്ലായെങ്കിൽ നിരാകാരനായ ഞാനെങ്ങനെ മനസ്സിലാക്കിത്തരും. പ്രേരണയിലൂടെ പഠിപ്പ് നടക്കുമോ? പഠിപ്പിക്കുന്നതിന് വേണ്ടി മുഖം വേണമല്ലോ. ഗോമുഖം ഇത് തന്നെയല്ലേ. ഇത് വലിയ അമ്മയാണല്ലോ, മനുഷ്യമാതാവ്. ബാബ പറയുന്നു ഞാൻ ഇദ്ദേഹത്തിലൂടെ നിങ്ങൾ കുട്ടികൾക്ക് സൃഷ്ടിയുടെ ആദി-മധ്യ-അന്ത്യത്തിന്റെ രഹസ്യം മനസ്സിലാക്കിത്തരുകയാണ്, യുക്തി പറഞ്ഞു തരുന്നു. ഇതിൽ ആശീർവാദത്തിന്റെ ഒരു കാര്യവുമില്ല. ഡയറക്ഷനിലൂടെ നടക്കണം. ശ്രീമതം ലഭിക്കുന്നു. കൃപയുടെ കാര്യമില്ല. പറയുകയാണ്- ബാബാ, ഇടക്കിടക്ക് മറന്നു പോവുകയാണ്, കൃപ കാണിക്കൂ. ഇതാണെങ്കിൽ നിങ്ങളുടെ ജോലിയാണ് ഓർമ്മിക്കുക. ഞാൻ എന്ത് കൃപ ചെയ്യും. എനിക്കാണെങ്കിൽ എല്ലാവരും കുട്ടികളാണ്. കൃപ ചെയ്യുകയാണെങ്കിൽ എല്ലാവരും സിംഹാസനത്തിലിരിക്കും. പദവിയാണെങ്കിൽ പഠിപ്പിനനുസരിച്ച് നേടും. പഠിക്കേണ്ടത് നിങ്ങൾക്കാണല്ലോ. പുരുഷാർത്ഥം ചെയ്തുകൊണ്ടിരിക്കൂ. അതിസ്നേഹിയായ ബാബയെ ഓർമ്മിക്കണം. പതിത ആത്മാവിന് തിരിച്ച് പോകാൻ സാധിക്കില്ല. ബാബ പറയുന്നു എത്രത്തോളം നിങ്ങൾ ഓർമ്മിക്കുന്നുവോ ഓർമ്മിച്ചോർമ്മിച്ച് പാവനമായി മാറും. പാവന ആത്മാവിന് ഇവിടെ ഇരിക്കാൻ സാധിക്കില്ല. പവിത്രമായെങ്കിൽ ശരീരം പുതിയത് വേണം. പവിത്ര ആത്മാവിന് അപവിത്ര ശരീരം ലഭിക്കുക, ഇത് നിയമമല്ല. സന്യാസിമാരും വികാരത്തിലൂടെയാണല്ലോ ജന്മമെടുക്കുന്നത്. ഈ ദേവതകൾ പിന്നീട് സന്യാസം ചെയ്യേണ്ടി വരുന്നതിന് വേണ്ടി വികാരത്തിലൂടെ ജൻമമെടുക്കുന്നില്ല. ഇതാണെങ്കിൽ ഉയർന്നതായല്ലോ. ആരാണോ സദാ സമ്പൂർണ്ണ നിർവികാരിയായിരിക്കുന്നത് അവരാണ് സത്യം സത്യമായ മഹാത്മാവ്. അവിടെ രാവണ രാജ്യമുണ്ടായിരിക്കില്ല. സതോപ്രധാന രാമരാജ്യമാണ്. വാസ്തവത്തിൽ രാമനെന്നും പറയരുത്. ശിവബാബയാണല്ലോ. ഇതിനെയാണ് പറയുന്നത് രാജസ്വ അശ്വമേധ അവിനാശീ രുദ്ര ജ്ഞാന യജ്ഞം. രുദ്രൻ അഥവാ ശിവൻ ഒന്ന് മാത്രമാണ്. കൃഷ്ണന്റെ പോലും പേരില്ല. ശിവബാബ വന്ന് ജ്ഞാനം കേൾപ്പിക്കുന്നു ബാബ പിന്നീട് രുദ്ര യജ്ഞം രചിക്കുന്നു അതുകൊണ്ട് മണ്ണിന്റെ ലിംഗവും

സാലിഗ്രാമവും ഉണ്ടാക്കുന്നു. പൂജ ചെയ്തിട്ട് പിന്നീട് പൊട്ടിക്കുന്നു. എങ്ങനെയാണോ ബാബ ദേവിമാരുടെ ഉദാഹരണം പറയുന്നത്. ദേവിമാരെ അലങ്കരിച്ച് കഴിപ്പിച്ച്, കുടിപ്പിച്ച് പൂജ ചെയ്തതിന് ശേഷം വെള്ളത്തിൽ മുക്കുന്നു. അതുപോലെ ശിവബാബയേയും സാലീഗ്രാമങ്ങളെയും വളരെ സ്നേഹത്തോടെയും ശുദ്ധിയോടെയും പൂജ ചെയ്തതിന് ശേഷം നശിപ്പിക്കുന്നു. ഇത് മുഴുവൻ ഭക്തിയുടെ വിസ്താരമാണ്. ഇപ്പോൾ ബാബ കുട്ടികൾക്ക് മനസ്സിലാക്കിത്തരുകയാണ് - എത്രത്തോളം ബാബയുടെ ഓർമ്മയിലിരിക്കുന്നുവോ അത്രയും സന്തോഷത്തിലുമിരിക്കും. രാത്രിയിൽ ദിവസവും തന്റെ കണക്ക് നോക്കണം. എന്തെങ്കിലും തെറ്റ് ചെയ്തിട്ടില്ലല്ലോ? തന്റെ ചെവിക്ക് പിടിക്കണം- ബാബാ, ഇന്ന് എന്നിൽ നിന്ന് ഈ തെറ്റ് സംഭവിച്ചു, ക്ഷമിച്ചാലും. ബാബ പറയുകയാണ് സത്യം എഴുതുകയാണെങ്കിൽ പകുതി പാപം ഇല്ലാതാകും. ബാബയാണെങ്കിൽ ഇരിക്കുന്നുണ്ടല്ലോ. തന്റെ മംഗളം ചെയ്യാൻ ആഗ്രഹിക്കുന്നുവെങ്കിൽ ശ്രീമതത്തിലൂടെ നടക്കൂ. കണക്ക് വെക്കുന്നതിലൂടെ വളരെയധികം ഉന്നതി ഉണ്ടാകും. ചിലവൊന്നും തന്നെയില്ല. ഉയർന്ന പദവി നേടണമെങ്കിൽ മനസ്സാ-വാചാ-കർമ്മണാ ആർക്കും ദു:ഖം കൊടുക്കരുത്. ആരെങ്കിലും എന്തെങ്കിലും പറഞ്ഞാലും കേട്ടിട്ടും കേൾക്കാതിരിക്കണം. ഈ പ്രയത്നം ചെയ്യണം. ബാബ വന്നിരിക്കുന്നത് തന്നെ നിങ്ങൾ കുട്ടികളുടെ ദു:ഖത്തെ ദൂരീകരിച്ച് സദാ കാലത്തേക്ക് സുഖം തരാനാണ്. അതിനാൽ കുട്ടികൾക്കും അങ്ങനെയായി മാറണം. ക്ഷേത്രങ്ങളിൽ ഏറ്റവും നല്ല സേവനം നടക്കും. അവിടെ ധാർമ്മിക ചിന്താഗതിക്കാരെ നിങ്ങൾക്ക് ഒരുപാട് ലഭിക്കും. പ്രദർശിനിയിൽ അനേകർ വരുന്നു. പ്രൊജക്ടർ ഷോയും പ്രദർശിനി മേളയിൽ നല്ല സേവനമാകുന്നു. മേളയിൽ ചിലവുണ്ടാകുന്നുണ്ടെങ്കിലും തീർച്ചയായും ഫലവും ഉണ്ടല്ലോ.ശരി!

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുര മധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും പുലർകാല വന്ദനവും. ആത്മീയ അച്ഛന്റെ ആത്മീയകുട്ടികൾക്ക് നമസ്കാരം.

## ധാരണക്കുള്ള മുഖ്യമായ സാരം

1. ബാബ നല്ലതും ചീത്തയും തിരിച്ചറിയുന്നതിന്റെ ബുദ്ധി നൽകിയിട്ടുണ്ട്, അതേ ബുദ്ധിയുടെ ആധാരത്തിൽ ദൈവീകഗുണം ധാരണ ചെയ്യണം, ആർക്കും ദു:ഖം നൽകരുത്, പരസ്പരം സഹോദരീ-സഹോദരനെന്ന സത്യമായ സ്നേഹമായിരിക്കണം, ഒരിക്കലും കുദൃഷ്ടി ഉണ്ടാകരുത്.

2. ബാബയുടെ ഓരോ നിർദ്ദേശത്തിലൂടെയും നടന്ന് നല്ല രീതിയിൽ പഠിച്ച് സ്വയം സ്വയത്തിന് മേൽ കൃപ ചെയ്യണം. തന്റെ ഉന്നതിക്ക് വേണ്ടി ചാർട്ട് വെക്കണം, ആരെങ്കിലും ദുഃഖം നൽകുന്ന തരത്തിൽ സംസാരിക്കുകയാണെങ്കിൽ കേട്ടിട്ടും കേൾക്കാതിരിക്കണം.

## വരദാനം- ഈശ്വരീയ റോയൽറ്റിയുടെ സംസ്ക്കാരത്തിലൂടെ ഓരോരുത്തരുടേയും വിശേഷതകളുടെ വർണ്ണന ചെയ്യുന്ന പുണ്യാത്മാവായി ഭവിക്കട്ടെ.

സദാ സ്വയത്തെ ഒരു പുണ്യാത്മാവാണ് എന്ന് മനസ്സിലാക്കി ഓരോ സങ്കൽപവും എടുക്കുക, കർമ്മങ്ങൾ ചെയ്യുക മാത്രമല്ല ഓരോരുത്തരുടേയും വിശേഷതകളെ കാണുകയും അവയെ വർണ്ണിക്കുകയും ചെയ്യുക.സർവ്വരെയും വിശേഷആത്മാക്കളാക്കി മാറ്റാനുള്ള ശുഭവും മംഗളകാരിയുമായ ആഗ്രഹം വെക്കുക.ഇതാണ് ഈശ്വരീയ റോയൽറ്റി.റോയൽ ആത്മാക്കൾ മറ്റുള്ളവർ ഉപേക്ഷിക്കുന്ന വസ്തുക്കളെ സ്വീകരിക്കാറില്ല.അതിനാൽ സദാ അറ്റൻഷൻ വെക്കണം ആരുടേയും ദുർബലതകളേയും അവഗുണങ്ങളേയും കാണരുത്.പരസ്പരം ഗുണഗാനം ചെയ്യുകയും, സ്നേഹം, സഹയോഗം എന്നിവയാകുന്ന പുഷ്പങ്ങളുടെ കൊടുക്കൽ വാങ്ങൽ നടത്തുകയാണെങ്കിൽ പുണ്യാത്മാവായി മാറുന്നതാണ്.

## സ്ലോഗൻ- വരദാനത്തിന്റെ ശക്തി പരിതസ്ഥിതികളുടെ രൂപത്തിൽ വരുന്ന അഗ്നിയെപ്പോലും വെള്ളമാക്കി പരിവർത്തനപ്പെടുത്തുന്നു.

**അവ്യക്തസൂചന-ഇപ്പോൾ സമ്പന്നവും,കർമ്മാതീതവുമാകുന്നതിനുള്ള ദൃഢസങ്കൽപം എടുക്കൂ...**
നിരാകാരസ്വരൂപത്തിന്റെ മുഖ്യ വരദാനമാണ് കർമ്മാതീത ഭവഃ.ആകാരീ സ്വരൂപത്തിന്റെ അഥവാ ഫരിഷ്താ അവസ്ഥയുടെ വരദാനമാണ് ഡബിൾലൈറ്റ് ഭവഃ .ഡബിൾലൈറ്റ് അർത്ഥം സർവ്വ കർമ്മബന്ധനങ്ങളിൽ നിന്നുമുള്ള ഭാരരഹിതമായ അവസ്ഥ.ലൈറ്റ് എന്നാൽ സദാ പ്രകാശസ്വരൂപത്തിൽ സ്ഥിതിചെയ്യുന്നവർ.ഇങ്ങിനെ ഡബിൾലൈറ്റ് ആയി ഇരിക്കുന്നവർക്ക് സഹജമായി കർമ്മാതീത അവസ്ഥയെ പ്രാപ്തമാക്കാൻ കഴിയുന്നു.അതിനാൽ സേവനങ്ങൾ ചെയ്യുമ്പോൾ ,എനിക്ക് സമ്പന്നവും കർമ്മാതീതവുമാകണം എന്ന ദൃഢസങ്കൽപത്തോടെ ചെയ്യണം.